# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1872 17/03/2015-ൽ മറുപടിയ്ക്ക്**

## കേന്ദ്ര സർക്കാരിന്റെ തീരപരിപാലന ഉത്തരവ്

| ചോദ്യം<br>ശ്രീ. എ. എം. ആരീഫ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) തീരമേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ തീരപരിപാലന ഉത്തരവ് പ്രകാരം തീരദേശത്ത് നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ എപ്രകാരമാണ്; | (എ) 2011-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീര ദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം CRZ-III-യിൽ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്ത് 200 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. എന്നാൽ മത്സ്യബന്ധന തൊഴിലാളി സമൂഹത്തിന് വേലിയേറ്റ മേഖലയിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/പുനർ നിർമ്മിതിയോ ചെയ്യുവാൻ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം അനുമതിയുണ്ട്. കായലോര മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയുടെ പകുതിയോ ഏതാണോ കുറഞ്ഞ ദൂരം അതുവരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. 50 മീറ്റർ കഴിഞ്ഞുള്ള പ്രദേശത്തിന് പഞ്ചായത്തിന്റെ അനുമതിയോടു കൂടി പുതിയ ഭവനങ്ങൾ നിർമ്മിക്കാവുന്നതാണ്. |
| (ബി) ഇതു നിമിത്തം തീരപ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും അഥവാ നിർമ്മിച്ചാൽ വീട്ടു നമ്പർ ഇടുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവാദം നൽകുന്നില്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകൾക്ക് നിയമ പ്രാബല്യം ഇല്ലാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറിമാർ ഈ ഉത്തരവ് അനുസരിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) കേന്ദ്ര സർക്കാരിന്റെ തീരപരിപാലനം സംബന്ധിച്ച ഉത്തരവുകൾ പിൻവലിയ്ക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾക്ക് കേന്ദ്രത്തിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചത്; ആയതിന്റെ പകർപ്പ് ഹാജരാക്കാമോ; | (ഡി) തീരദേശ പരിപാലന നിയമം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമാണ്. ടി വിജ്ഞാപനത്തിൽ കേരളത്തിലെ തീരമേഖലയിൽ താമസിക്കുന്ന ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തി, പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കം തീരദേശവാസികൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ 2011-ലെ വിജ്ഞാപനം പരിഷ്ക്കരിക്കണമെന്ന് കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിനായി നിയോഗിച്ച കമ്മിറ്റി മുമ്പാകെയും ഈ വിഷയം അവതരിപ്പിക്കുകയും അവർ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ടി വിഷയം സംബന്ധിച്ച് മറുപടിയൊന്നും ലഭിച്ചിട്ടില്ല. |
| (ഇ) കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധിച്ച ഉത്തരവുകളിൽ ഏതെല്ലാം കാര്യത്തിനാണ് ഇളവ് അനുവദിയ്ക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വാസസ്ഥലം നിർമ്മിക്കുന്നതിനായി 2011 CRZ വിജ്ഞാപനത്തിൽ ചില പ്രത്യേക ഇളവുകൾ കടൽത്തീര പ്രദേശത്ത് അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന് വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/പുനർ നിർമ്മിതിയോ ചെയ്യുവാൻ അനുമതിയുണ്ട്. കായലോര മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. 50 മീറ്റർ കഴിഞ്ഞുള്ള പ്രദേശത്ത് പഞ്ചായത്തിന്റെ അനുമതിയോടു കൂടി പുതിയ ഭവനങ്ങൾ നിർമ്മിക്കാവുന്നതാണ്. അതോടൊപ്പം തന്നെ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കേരള തീരദേശ പരിപാലന അതോറിറ്റി നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ആഫീസർ